# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലവടി ഗ്രാമപഞ്ചായത്ത് - 2003-04 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-4-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 151/14/തസ്വഭവ. തിരുവനന്തപുരം,തീയതി: 18/01/2014

---

പരാമർശം:- 1) 03/09/2013-ലെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 6-7828/13-ാം നമ്പർ കത്ത്.

2) 12/12/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി1/16827/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം വിശദമായ സാങ്കേതിക അനുമതിക്ക് ജില്ലാ ടെക്നിക്കൽ അഡ്വൈസറി സമിതി ശുപാർശ ചെയ്തതിനാലും ജനറൽ വിഭാഗത്തിന് ടി പദ്ധതികളുളിൽ തുക ചെലവഴിക്കുന്നതിന് സർക്കാർ ഉത്തരവുകൾ ലഭ്യമല്ലാത്തതിനാലും 'ദുർബല വിഭാഗങ്ങളുടെ ഭവന പരിസരം മണ്ണിട്ടുയർത്തൽ' എന്ന പദ്ധതിക്ക് ചെലവഴിച്ച 36,000/- രൂപയ്ക്ക് (മുപ്പത്തിയാറായിരം രൂപ മാത്രം) സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു.

ടി പദ്ധതി ജില്ലാതല ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കിയത് എന്നതിനാലും ഗ്രാമസഭ തെരഞ്ഞെടുത്ത അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാക്കിയത് എന്നതിനാലും കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന താഴ്ന്ന പ്രദേശത്ത് താമസിക്കുന്നവർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നതിനാലും വേല തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്നതിനാലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പരാമർശം 1 പ്രകാരം തലവടി ഗ്രാമപഞ്ചായത്ത് സാധൂകരണത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ ശുപാർശ പരിഗണിച്ചും പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലവടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച 2003-04 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 'ദുർബല വിഭാഗങ്ങളുടെ ഭവന പരിസരം മണ്ണിട്ടുയർത്തൽ' എന്ന

പദ്ധതിക്കായി 36,000/- രൂപ (മുപ്പത്തിയാറായിരം രൂപ മാത്രം) ചെലവ് ചെയ്ത ഗ്രാമപഞ്ചായത്ത് നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ